പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 190 08.02.2016-ന് മറുപടി നൽകേണ്ടത്

## വികസനമാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
,, സി.കെ. സദാശിവൻ
ശ്രീമതി. കെ.എസ്.സലീഖ

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ നാലരവർഷക്കാലം സംസ്ഥാനത്തു നിലനിന്നു പോന്ന വികസനമാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുന്ന വിവരം അറിയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എല്ലാവർക്കും വീടും, തൊഴിലും, ചികിൽസയും, വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്ന നിലയിലുള്ള ഒരു വികസന കാഴ്ചപ്പാടോ, നടപടികളോ ഇല്ലാതിരുന്നതു കൊണ്ട് സാധാരണക്കാരായ ജനങ്ങൾ അസംതൃപ്തരും, ജീവിത പ്രയാസങ്ങളുമുള്ളവരുമാണെന്നറിയാമോ; | (ബി) യും (സി) യും (ഡി) യും | സംസ്ഥാന പാർപ്പിട നയത്തിനു കീഴിൽ ഓരോ കുടുംബത്തിനും ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പുവർഷത്തെ ബജറ്റിൽ മൂന്ന് പുതിയ ഭവന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കു കീഴിൽ 1.75 ലക്ഷം വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഈ സാമ്പത്തിക വർഷം തന്നെ 7000 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലൂടെ സ്വന്തമായി വീടും ഭൂമിയും തൊഴിലും ഇല്ലാത്തവരുടെ കാര്യത്തിൽ തീരുമാനമുണ്ടാകുമെന്ന് കരുതുന്നു. |
| (സി) | ഈ നിലയിലുള്ള ഒരു വികസന കാഴ്ചപ്പാടും അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കാൻ കഴിയാതെ പോയത് ഒരു വീഴ്ചയായി കാണുന്നുണ്ടോ; | | |
| (ഡി) | സ്വന്തമായി വീടും, ഭൂമിയും, തൊഴിലും ഇല്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ